# ദേശീയ ചുഴലിക്കാറ്റ് നഷ്ടസാധ്യത ലഘൂകരണ പദ്ധതി

## പാരിസ്ഥിതികവും സാമൂഹികവുമായ ഭരണ ഉപഘടന

## ആമുഖം

### 1. പദ്ധതിപശ്ചാത്തലം

പതിമൂന്നു സംസ്ഥാനങ്ങളിലായി, ഏകദേശം 3214 കി മീ നീളത്തിൽ വ്യാപിച്ചു കിടക്കുന്ന ഇന്ത്യൻ തീരപ്രദേശങ്ങൾ ഉഷ്ണമേഖലാ ചുഴലിക്കാറ്റ് വളരെയേറെ ബാധിക്കുന്നതും , അവ മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വളരെയേറെ കുപ്രസിദ്ധിയാർജിച്ചതാണ് . ഇത് മുഖവിലയ്ക്കെടുത്തു കൊണ്ട് , പ്രതിരോധം, ലഘൂകരണം, തയ്യാറെടുപ്പ് എന്നിവയ്ക്ക് ഊന്നൽ നല്കി കേന്ദ്രആഭ്യന്തരമന്ത്രാലയം നിരവധി കൂടിയാലോചനകൾക്കു ശേഷം ഹ്രസ്വ – ദീർഘകാല നടപടികളിലൂടെ ഒരു സമഗ്രമായ 'ദേശീയ ചുഴലിക്കാറ്റ് അപായ സാധ്യതാ ലഘൂകരണ പദ്ധതി' ആവിഷ്കരിക്കുകയും, 2003 – ൽ നടന്ന ദേശീയ ശില്പശാലയിൽ അവതരിപ്പിക്കുകയും ചെയ്തു.

2006 – ൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റി (NDMA)യുടെ രൂപീകരണത്തിനുശേഷം, ഈ പദ്ധതിയുടെ നടത്തിപ്പ് ദേശീയ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറി. ചുഴലിക്കാറ്റു മൂലമുണ്ടാകുന്ന നാശനഷ്ടം കുറയ്ക്കുന്നതിനുവേണ്ടി 13 തീരദേശസംസ്ഥാനങ്ങളെയും ഉൾകൊണ്ടുള്ള ദേശീയതലത്തിലുള്ള ആദ്യ ശ്രമമാണ് ഈ പദ്ധതി.

ലോകബാങ്കിൻറെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ് ,

a) ചുഴലിക്കാറ്റു മൂലമുണ്ടാകുന്ന നഷ്ടസാധ്യത കുറയ്ക്കുക

b) ഘടനാപരവും, അല്ലാത്തതുമായ ചുഴലിക്കാറ്റ് പ്രതിരോധ ശ്രമങ്ങളെ ശക്തിപ്പെടുത്തുക.

c) ചുഴലിക്കാറ്റ് ഭീഷണി നേരിടുന്ന സംസ്ഥാനങ്ങളിലെയും , കേന്ദ്രഭരണ പ്രദേശങ്ങളിലെയും തീരമേഖലയുടെ ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെ ദുരന്ത / നഷ്ട സാധ്യത കുറയ്ക്കുന്നതിനും , നേരിടുന്നതിനുമുള്ള കഴിവും പ്രാപ്തിയും ജനങ്ങളിൽ വികസിപ്പിച്ചെടുക്കുക.

ഒരു അഡാപ്റ്റബിൾ പ്രോഗ്രാം ലോൺ എന്ന രീതിയിലാണ് ലോകബാങ്ക് ഈ പദ്ധതിക്കുവേണ്ടി മുതൽ മുടക്കുന്നത്.

### 1.2 പദ്ധതി ലക്ഷ്യങ്ങൾ

ചുഴലിക്കാറ്റ് ഭീഷണി നേരിടുന്ന സംസ്ഥാനങ്ങളിലെ തീരദേശസമൂഹങ്ങളുടെ , അവ മൂലമുണ്ടാകുന്ന ദുരന്തങ്ങളുടെ വ്യാപ്തി കുറയ്ക്കുക എന്നതാണ് പ്രധാന ലക്ഷ്യം

- ഉചിതമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തി , പ്രകൃതിയുടെ സന്തുലിതാവസ്ഥാ സംരക്ഷിച്ചുകൊണ്ട്, ചുഴലികാറ്റിൻറെ പ്രതികൂല ഫലങ്ങളുടെ വ്യാപ്തി കുറയ്ക്കുക.
- ജില്ലാ – ഉപജില്ലാ തലത്തിലുള്ള കാര്യക്ഷമവും പ്രവർത്തന സജ്ജവുമായ മുന്നറിയിപ്പ് സംവിധാനങ്ങളുടെ ശാക്തീകരണത്തിലൂടെ കൃത്യമായ വിവരങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുക.

### 1.3 പദ്ധതി സാധ്യതകളും ലക്ഷ്യങ്ങളും

തീരദേശ ആവാസവ്യവസ്ഥയെ സംരക്ഷിച്ചു കൊണ്ട് ഇന്ത്യയിലെ ചുഴലിക്കാറ്റ് ഭീഷണി നേരിടുന്ന സംസ്ഥാനങ്ങളിലെയും ഭരണഘടന പ്രദേശങ്ങളിലെയും ദുരന്തസാധ്യത കുറയ്ക്കുകയും അത്തരം ദുരന്തങ്ങളെ ശാസ്ത്രീയമായി നേരിടുന്നതിന് പൊതുജനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശം. മേൽപ്രസ്താവിച്ചിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെ പറയും വിധം നാലു ഘടകങ്ങളായി തരംതിരിച്ചിരിക്കുന്നു

1) നിലവിലുള്ള ദുരന്ത സാധ്യത മുന്നറിയിപ്പ് സംവിധാനം മെച്ചപ്പെടുത്തുക

2) അടിസ്ഥാനസൗകര്യവികസനം. വിവിധോദ്ദേശ ചുഴലിക്കാറ്റ് അഭയകേന്ദ്രത്തിന്റെ നിർമ്മാണവും സംരക്ഷണവും, റോഡ്, പാലം നിർമ്മാണത്തിലൂടെ പുതിയതും , നിലവിൽ ഉള്ളതുമായ അഭയകേന്ദ്രത്തിലേക്കുള്ള പ്രവേശനമാർഗ്ഗം വികസിപ്പിക്കുക . കൊടുങ്കാറ്റ്, വെള്ളപൊക്കം, കടൽക്ഷോഭം എന്നിവയെ നേരിടുന്നതിന് വേണ്ടി തീരപ്രദേശങ്ങൾ ചിറകെട്ടി സംരക്ഷിക്കുക, നിലവിൽ ഉള്ളവയെ നിലനിർത്തുകയും ചെയ്യുക.

3) ദുരന്തങ്ങളോട് പ്രതിരോധിക്കാൻ സാധാരണ ജനങ്ങളെ പ്രാപ്തരാക്കുക.

**4)** എല്ലാ രീതിയിലുമുള്ള വികസന പരിപാടികളിലും നഷ്ടസാധ്യത ലഘൂകരണത്തെ (DRM) മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടി ദുരന്തനഷ്ട സാധ്യത, ലഘൂകരണ പദ്ധതി (DRM) കേന്ദ്ര, സംസ്ഥാന, പ്രാദേശിക തലങ്ങളിൽ ശക്തിപ്പെടുത്തുക.

**1.4 പദ്ധതി പ്രദേശം**

തീരപ്രദേശങ്ങൾ മനുഷ്യസമ്പത്തിനാലും, പ്രകൃതിസമ്പത്തിനാലും സവിശേഷമാണ്. ഇവ തന്നെയാണ് ആ പ്രദേശത്തെ സാമ്പത്തികമായും സാമൂഹികമായും വളർത്തുന്നത്. എന്നിരുന്നാലും തീരദേശവാസികളും, അവരുടെ സമ്പത്തും ചുഴലിക്കാറ്റ്, തിരമാല, വെള്ളപ്പൊക്കം എന്നീ ഭീഷണികളാൽ എപ്പോഴും ബാധിതമാണ്. രാജ്യത്തെ ഇത്തരത്തിലുള്ള ചുഴലിക്കാറ്റ് മൂലം ഉണ്ടാകുന്ന അപകടങ്ങളെ പ്രതിരോധിക്കാൻ ആണ് ലോകബാങ്കിന്റെ സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ആരംഭിച്ചത്. വിവിധ തലങ്ങളിലുള്ള അപകടസാധ്യത കണക്കിലെടുത്ത് 13 ചുഴലിക്കാറ്റ് ബാധിത സംസ്ഥാനങ്ങളും, കേന്ദ്രഭരണപ്രദേശങ്ങളും ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ തീരദേശസംസ്ഥാനങ്ങളെ ദുരന്തസാധ്യതയുടെ അടിസ്ഥാനത്തിൽ വീണ്ടും രണ്ടായി തരംതിരിച്ചിരിക്കുന്നു.

**വിഭാഗം: 1**

കൂടുതൽ ദുരന്തസാധ്യതയുള്ള തീരദേശ സംസ്ഥാനങ്ങളായ ആന്ധ്രപ്രദേശ്, ഗുജറാത്ത്, ഒഡീഷ , തമിഴ് നാട്, പശ്ചിമബംഗാൾ

**വിഭാഗം: 2**

കുറഞ്ഞ ദുരന്തസാധ്യതയുള്ള തീരദേശ സംസ്ഥാനങ്ങളായ ഗോവ , കർണാടകം, കേരളം, മഹാരാഷ്ട്ര , ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ദാമൻ & ദിയു, ലക്ഷദ്വീപ്, പോണ്ടിച്ചേരി

ചുഴലിക്കാറ്റ് ആവർത്തന സാധ്യത, ജനസംഖ്യ, നിലവിൽ ദുരന്തങ്ങളെ നേരിടാൻ സുസ്ഥാപിതമായ സംവിധാനം എന്നിവ പരിഗണിച്ച് തീരദേശ സംസ്ഥാനങ്ങളെ വിവിധ ഘട്ടങ്ങളിലായി തരംതിരിച്ചിരിക്കുന്നു.

<u>ഒന്നാം ഘട്ടം</u>

- ആന്ധ്രാപ്രദേശ്
- ഒഡിഷ

<u>രണ്ടാം ഘട്ടം</u>

- ഗുജറാത്ത്
- കേരള
- പശ്ചിമ ബംഗാൾ
- മഹാരാഷ്ട്ര
- കർണാടക

<u>മൂന്നാം ഘട്ടം</u>

- അവശേഷിക്കുന്ന സംസ്ഥാനങ്ങൾ

ഒന്നാം ഘട്ടം (NCRMP – I ) ഇപ്പോൾ ഒഡിഷയിലും, ആന്ധ്രാപ്രദേശിലും നടപ്പിലാക്കി വരികയാണ്. ഈ സംസ്ഥാനങ്ങളിലെ പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതി ഉടമ്പടികളും , സാമ്പത്തിക ഉടമ്പടികളും സാമ്പത്തികാര്യവകുപ്പും, ലോകബാങ്കും അതാത് സംസ്ഥാന സർക്കാരുകളും ചേർന്ന് 2011 ജനുവരി 14–ന് ഒപ്പുവെച്ചു. ആന്ധ്രാപ്രദേശ്, ഒഡിഷ സംസ്ഥാനങ്ങളും, NIDM ഉം ചേർന്ന് കേന്ദ്രസഹായത്തോടെ 1496.71 കോടി മുതൽമുടക്കിൽ അഞ്ചുവർഷം കാലയളവിലേക്കാണ് ദേശീയ ദുരന്തനിവാരണ അതോറിറ്റി പദ്ധതിയുടെ ഒന്നാം ഘട്ടം വിഭാവനം ചെയ്തിരിക്കുന്നത്.

പശ്ചിമ തീരത്തുള്ള ഗുജറാത്ത്, മഹാരാഷ്ട്ര, കേരളം എന്നീ സംസ്ഥാനങ്ങളും, പൂർവ്വതീരത്തുള്ള പശ്ചിമബംഗാൾ എന്നിവയാണ് ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്നത് . രണ്ടാം ഘട്ടത്തിനുവേണ്ടിയാണ് ഈ രേഖ തയാറാക്കിയിരിക്കുന്നത്. ശേഷിക്കുന്ന സംസ്ഥാനങ്ങൾ മൂന്നാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പദ്ധതിയുടെ ഓരോ ഘട്ടത്തിലും അപകടസാധ്യതകളെ കൈകാര്യം ചെയ്യുന്നതിന് , പുതിയ ആശയങ്ങളും, സാകേതിക വിദ്യകളും ആവിഷ്കരിക്കാനും, ഒന്നാം ഘട്ടത്തിലെ കുറവുകൾ പരിഹരിക്കാനും, പദ്ധതിയുടെ ക്രമീകരണം മൂലം സാധിച്ചു . ഇതുമൂലം ദേശീയദുരന്തനിവാരണ

അതോറിറ്റിയുടെയും, സംസ്ഥാന ഏജൻസികളുടെയും അനുക്രമമായ ഊർജ്ജിതപ്പെടുത്തലിനും സഹായിക്കുന്നു.

**1.5 പദ്ധാതി ഘട്ടങ്ങൾ**

പദ്ധാതിക്ക് അഞ്ചു ഘടകങ്ങളാണ് ഉള്ളത്

1) മുന്നറിയിപ്പ് സംവിധാനം (EWDS) തീരദേശവാസികൾക്കുള്ള കാര്യക്ഷമത പരിപോഷണം.

2) ചുഴലിക്കാറ്റിൻറെ നഷ്ടസാധ്യത കുറയ്ക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ.

3) ദുരന്ത ലഘുകരണത്തിന് കാര്യക്ഷമത വർത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം.

4) പദ്ധാതി നിർവഹണവും, നടപ്പിലാക്കാൻ പിന്തുണയും.

5) അടിയന്തിര ധനസഹായം.

ഈ പദ്ധാതി ഘടകങ്ങളുടെ വ്യാഖ്യാനമാണ് താഴെ പറയുന്നത് .

**ഘടകം A– മുന്നറിയിപ്പ് സംവിധാനവും (EWDS) തീരദേശവാസികൾക്കുള്ള കാര്യക്ഷമത പരിപോഷണവും**

ഈ ഘടകത്തിൻറെ ഉദ്ദേശം , നിലവിലുള്ള മുന്നറിയിപ്പ് സംവിധാനത്തിനുള്ള കുറവ് പരിഹരിച്ചു തീരദേശവാസികളുടെ കാര്യക്ഷമത വർധിപ്പിക്കുക.

A – 1) EWDS – ൻറെ സ്ഥാപനവും, പ്രവർത്തനവും മൂലം, സംസ്ഥാന/ജില്ല, ഉപജില്ലാ തലങ്ങളിൽ ഉള്ള കൺട്രോൾ റൂമുകളിൽ നിന്നും GSM /CDMA എന്നിവ ഉപയോഗിച്ചുള്ള സാങ്കേതിക വിദ്യ വഴി ഗ്രാമങ്ങളിൽ നേരിട്ട് വിവരം അറിയിക്കാൻ ഉതകും വിധം ശാക്തീകരിക്കുക. കൂടാതെ വിവിധ ആശയ വിനിമയ ഉപാധികളിലൂടെ അടിയന്തിര ഘട്ട പ്രതികരണ കേന്ദ്രങ്ങളുടെ വികസനം . EWDS – ൻറെ പ്രവർത്തനം കാര്യക്ഷമമല്ലാത്ത സ്ഥലങ്ങളിൽ സാറ്റലൈറ്റ് , ഫോണുകൾ നൽകുകയും, സംസ്ഥാനത്തെ ഓരോ ബ്ലോക്കിലും റേഡിയോ ആധാരമായ വയർലെസ് ആശയ വിനിമയ സംവിധാനം സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളെയും ഈ ഘടകം പിന്തുണയ്ക്കുന്നു.

A – 2) കാര്യക്ഷമത വർധിപ്പിക്കൽ: i) EWDS ൻറെ പ്രവർത്തനവും, നിരന്തരമായാ ഉപയോഗവും മൂലം ഉദ്യോഗസ്ഥൻമാരുടെയും, വില്ലജ് പ്രതിനിധികളുടെയും കാര്യക്ഷമത വർധിപ്പിക്കുക.

ii) ദുരന്തനിവാരണ പദ്ധാതികളിലൂടെയും, മോക്ക്ഡ്രില്ലിലൂടെയും, മുന്നൊരുക്കത്തിനും പ്രതികരണത്തിനും പ്രാപ്തരാകുക.

ഒന്നാം ഘട്ടത്തിൽ ഈ പദ്ധാതി നടപ്പിലാക്കിയതിൽ നിന്നും ലഭിച്ച അനുഭവങ്ങൾ സംയോജിപ്പിച്ചും, കേരള, മഹരാഷ്ട്ര, ഗുജറാത്ത് ,പശ്ചിമ ബംഗാൾ എന്നിവിടങ്ങളിൽ EWDS – ൻറെ സാരൂപ്യം നിലനിർത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വികരിക്കുകയും ചെയ്യും. EWDS – ൻറെ സ്ഥാപനത്തിനും, രൂപീകരണത്തിനും വേണ്ടി ഒരു വിദഗ്ധനെ ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഒന്നാം ഘട്ടത്തിൽ കണ്ടെത്തുകയും, അത് രണ്ടാം ഘട്ടത്തിൽ തുടരുകയും ചെയ്തു.

**ഘടകം B: ചുഴലിക്കാറ്റിൻറെ നഷ്ടസാധ്യത കുറക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ**

ഈ ഘടകത്തിന്റെ പ്രധാന ഉദ്ദേശം ചുഴലിക്കാറ്റ് , വെള്ളപ്പൊക്കം, തിരമാല എന്നിവ കൊണ്ട് നാശനഷ്ടങ്ങൾ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളെ സംരക്ഷിക്കുകയും , അഭയകേന്ദ്രങ്ങളിലേക്കുള്ള വഴികൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ്. വിവിധോദ്ദേശ്യ അടിയന്തിര അഭയകേന്ദ്രത്തിനുവേണ്ടിയുള്ള നിക്ഷേപം, നിലവിൽ ഉള്ള റോഡുകളുടെ വികസനം , ഒഴിപ്പിക്കലിനു അനുയോജ്യമായ പാലം നിർമ്മാണം, ജലനിർഗമന സംവിധാനത്തിൻറെ കാര്യക്ഷമത വർദ്ധിപ്പിക്കൽ , അടിയന്തിര അഭയകേന്ദ്രത്തിൻറെ പ്രവർത്തനത്തിനും സംരക്ഷണത്തിനുംവേണ്ടി കോർപസ് ഫണ്ട് രൂപീകരിക്കൽ. എന്നിവയും ഈ ഘടകത്തിൽ ഉൾപ്പെടുന്നു. എല്ലാ സംസ്ഥാനങ്ങളും നിലവിൽ ഉള്ള രീതികളെ വിശകലനം ചെയ്യുകയും കുറവുകൾ കണ്ടുപിടിക്കുകയും , അപകട സാധ്യതകൾ ലഘുകരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ചെയ്തു. അഭയകേന്ദ്രത്തിനുള്ള തിരിച്ചറിയൽ സംവിധാനത്തിൽ വിവിധ കാര്യങ്ങളാണ് ഉൾപ്പെടുന്നത്, മൊത്തത്തിലുള്ള ആവശ്യകതയുടെ നിർണയം, നിലവിലുള്ള അഭയകേന്ദ്രങ്ങളും, കൂടാതെ ഉള്ള സർക്കാർ സ്വകാര്യ കെട്ടിടങ്ങൾ എന്നിവ പരിഗണിച്ചിട്ടുണ്ട്.

**ഘടകം C: ദുരന്ത ലഘൂകരണ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള സാങ്കേതിക സഹായം**

ഈ ഘടകത്തിൻറെ പ്രധാന ഉദ്ദേശ്യം , ദുരന്ത സാധ്യതകളെ പറ്റി പൊതു അവബോധം സൃഷ്ടിക്കുകയും, എല്ലാ തീരദേശ സംസ്ഥാനങ്ങളെയും, കേന്ദ്രഭരണ പ്രദേശങ്ങളെയും ദുരന്തങ്ങൾ അഭിമുഖീകരിക്കാൻ തയ്യാറാകുകയും ചെയ്യുക എന്നതാണ് . ഈ പദ്ധാതിയുടെ ഭാഗമായി ദേശീയ ദുരന്തനിവാരണ അതോറിറ്റി, തീരദേശ ഇന്ത്യയുടെ അപകട സാധ്യത പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

ഒന്നാം ഘട്ടത്തിൽ നിന്നും മനസ്സിലാക്കിയ അപകടസാധ്യതയും, നഷ്ടസാധ്യതകളും ഇനി ഉണ്ടായേക്കാവുന്ന അപകടങ്ങളുടെ മാതൃകയും ഉപയോഗിച്ച് ഇന്ത്യയുടെ തീരദേശ പ്രദേശങ്ങളിൽ ഉടനീളം ഉണ്ടാകാൻ സാധ്യതയുള്ള വലിയതോതിലുള്ള ദുരന്തങ്ങൾ മനസ്സിലാക്കാനും , അത് മുന്നോട്ട് കൊണ്ടുപോകാനും ഈ ഘടകം ലക്ഷ്യമിടുന്നു. കൂടാതെ ഒന്നാം ഘട്ടത്തിൽ ദേശീയ ദുരന്തനിവാരണ അതോറിറ്റി ദേശീയ, സംസ്ഥാന, പ്രാദേശിക തലങ്ങളിൽ നടപ്പിലാക്കിയ കാര്യക്ഷമത വർധിപ്പിക്കൽ പഠനത്തിൻറെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ രണ്ടാം ഘട്ടത്തിന് മാർഗ്ഗ ദർശിയായി ഉപയോഗിക്കാം.

ഘടകം C യുടെ ഉപഘടകമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ നിയമം 2005 പ്രകാരം അഭ്യന്തര മന്ത്രാലയത്തിൻറെ കീഴിൽ, കേന്ദ്ര സർക്കാർ, Nationa Institu for Disaster Management (NIDM) നടത്തിപ്പ് ഏജൻസിയായി മാറ്റി. ദേശീയ ദുരന്തനിവാരണ അതോറിറ്റി (National Disaster Management Authority)യുടെ നയങ്ങളും, മാർഗ്ഗ നിർദ്ദേശങ്ങളും മുൻനിർത്തിയാണ് NIDM പ്രവർത്തിക്കുന്നത്. ദുരന്തനിവാരണ മേഖലയിലെ ആസൂത്രണം , പരിശീലനം, ഗവേഷണം, വിവരങ്ങൾ കൈകാര്യം ചെയ്യൽ എന്നിവയും NIDM ൻറെ ഉത്തരവാദിത്വമാണ്. ഘടകം C യുടെ ഒരു ഉപഘടകമായ അപകടസാധ്യത മാതൃക (risk modelling)യുടെ ചുമതല ദേശീയദുരന്തനിവാരണ അതോറിറ്റിയുടേതാണ്.

**ഘടകം D: – പദ്ധതി നിർവഹണ പിന്തുണ**

പദ്ധതി നടപ്പിലാകുന്നതിനു വേണ്ടി Project Management Unit, Project Implementation Unit, വകുപ്പുകളുടെ വിവിധ നോഡൽ യൂണിറ്റുകൾ , ദേശീയ ദുരന്തനിവാരണ സ്ഥാപനം(NIDM), ഓഫീസ് സജ്ജീകരണം, പരിശീലനം, പ്രദർശന സന്ദർശനം, വിദഗ്ധപരിശീലനം എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം.

**1.6 പദ്ധതി പ്രവർത്തനങ്ങൾ**

ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണ പദ്ധതിയുടെ (NCRMP) ബി ഘടകത്തിൻറെ ഭാഗമായി ചുഴലിക്കാറ്റ് അപായസാധ്യത ലഘൂകരണത്തിനു വേണ്ടിയുള്ള പുതിയ ഭൗതിക അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിന് വേണ്ടി കുറച്ചു ഉപപദ്ധതികൾ കണ്ടെത്തി . എല്ലാ പ്രവർത്തനങ്ങളും എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കുന്നില്ല. പാരിസ്ഥികവും, സാമൂഹികവുംമായ നടത്തിപ്പിൻറെ വീക്ഷണത്തിൽ ഈ പ്രവർത്തനങ്ങൾ എല്ലാം പ്രസക്തമാണ്. ചുരുക്കത്തിൽ ഉള്ള വിവരണം താഴെ കൊടുത്തിരിക്കുന്നു.

**വിവിധോദ്ദേശ്യ ചുഴലിക്കാറ്റ് അഭയകേന്ദ്രങ്ങൾ (MPCS):-**

ചുഴലികാറ്റിൻറെയും, വെള്ളപൊക്കത്തിൻറെയും സമയത്തു, അപകടത്തിൽപ്പെടുന്ന സമൂഹത്തിനു സഹായമാകുവാൻ വേണ്ടിയാണ് ചുഴലിക്കാറ്റ് അഭയകേന്ദ്രങ്ങൾ. ഈ അഭയകേന്ദ്രങ്ങൾ തന്നെയാണ് ചുഴലിക്കാറ്റ് മുന്നറിയിപ്പിൻറെയും ദുരന്തത്തിനുശേഷമുള്ള പ്രതികരണത്തിൻറെയും കേന്ദ്രസ്ഥാനമായി പ്രവർത്തിക്കുന്നത്. അത്യാഹിതങ്ങൾ ഇല്ലാത്തസമയത്ത് അഭയകേന്ദ്രകൾ അദ്ധ്യാപന ആവശ്യത്തിനായും, സമൂഹത്തിലെ മറ്റാവശ്യങ്ങൾക്കായും ഉപയോഗിക്കാവുന്നതാണ്.

**റോഡ്, പാലം – നിർമ്മാണവും, സംരക്ഷണവും**

i) ദുരന്തതിനു മുൻപും ശേഷവും അഭയകേന്ദ്രത്തിലേക്കുള്ള മാർഗം സുഗമമാക്കുന്നതിനുവേണ്ടി, എല്ലാ കാലാവസ്ഥയിലും പ്രയോജന ക്ഷമമായ രീതിയിൽ റോഡുകൾ, പാലങ്ങൾ തുടങ്ങിയവ നിർമ്മിക്കുവാൻ പദ്ധതി ഉദ്ദേശിക്കുന്നു. ധ്രുതഗതിയി സമയനിഷ്ഠമായും നിവാസികളെയും സാധന സാമഗ്രികളെയും ദുരന്തസാധ്യത മേഖലയിൽ നിന്നും ദുരന്തത്തിനു മുൻപും ശേഷവും സുരക്ഷിത സ്ഥാനത്തേക്ക് ഒഴിപ്പിക്കുവാൻ റോഡുകളും പാലങ്ങളും ആവശ്യമാണ്.

**തടയിണകളുടെ അറ്റകുറ്റപണികൾ**

ജനങ്ങൾ, പക്ഷിമൃഗാദികൾ, ഭവനം, കൃഷിസ്ഥലങ്ങൾ എന്നിവയെ വലിയ തിരമാലകളിൽ നിന്നും, ഉപ്പുവെള്ളത്തിൽ നിന്നും തടയിണകൾ സംരക്ഷിക്കുന്നു . ഇതിന്റെ ഉപപദ്ധതിയിലെ പ്രവർത്തനങ്ങൾ ഇവയാണ്.

i ) കൂടുതൽ അപകടസാധ്യതയുള്ള സ്ഥലത്തിൽ തടയിണകളുടെ ഉയരം കൂട്ടുകയും, മണ്ണൊലിപ്പിൽ നിന്നും തടയിണകളെ സംരക്ഷിക്കുന്നതിനു വേണ്ടി ഗേറ്റുകൾ നിർമ്മിക്കുക

II ) നിലവിലുള്ള തടയിണകളുടെ കാര്യക്ഷമത വർധിപ്പിക്കുക, നീർചാലുകളുടെ അറ്റകുറ്റപണികൾ നടത്തി നീരൊഴുക്ക് പ്രവർത്തനക്ഷമമാക്കുക

III ) സാധാരണ ജനങ്ങൾക്ക് റോഡായി ഉപയോഗിക്കുന്നതിനു വേണ്ടി തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ തടയിണകളുടെ മുകൾവശം മെറ്റൽ നിരത്തുക.

**വൃക്ഷത്തൈ നടൽ**

പ്രകൃതി ദുരന്തങ്ങളിൽ നിന്നും ശക്തിയേറിയ കാറ്റിൽ നിന്നും ജനങ്ങളെയും, ജനവാസകേന്ദ്രങ്ങളെയും കാർഷിക വിളകളെയും സംരക്ഷിക്കുന്നതിനുവേണ്ടി വൃക്ഷങ്ങൾ നട്ട് വേലി ഉണ്ടാക്കുക.

**<u>കണ്ടൽവൃക്ഷങ്ങളുടെ വ്യാപനം</u>**

കണ്ടൽക്കാടുകൾ, ജീവനെയും സ്വത്തിനെയും, ചുഴലിക്കാറ്റ്, കൊടുംകാറ്റ് എന്നിവയിൽ നിന്നും സംരക്ഷിക്കുന്ന ഒരു ജീവകവചം ആയി പ്രവർത്തിക്കുന്നു. കൂടാതെ ഇവ, തീരമേഖലയെ ശക്തമായ കാറ്റ്, മണ്ണൊലിപ്പ് ഇവയിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്നു. ഈ പദ്ധതിയുടെ കീഴിൽ തീരദേശ സംസ്ഥാനങ്ങളിൽ കണ്ടൽകാടുകളുടെ പുനർജീവനം നടപ്പിലാക്കുന്നു.

## അദ്ധ്യായം 2

## പരിസ്ഥിതി – സാമൂഹിക നിർവ്വഹണത്തിന്റെ ആവശ്യകത

പരിസ്ഥിതി സാമൂഹിക നിർവഹണത്തിന്റെ ബാഹ്യരേഖ, പദ്ധതി സംസ്ഥാനങ്ങളിലെ ഉപപദ്ധതി പ്രവർത്തനങ്ങളുടെ നിർവഹണത്തിലൂടെ ഉയർന്നു വരുന്ന പാരിസ്ഥിക സാമൂഹിക പ്രശ്നങ്ങളിലെ പ്രതിരോധം, ലഘൂകരണം എന്നിവയ്ക്ക് വേണ്ട മാർഗദർശനം നൽകുക എന്നതാണ്.

### 2.1 പാരിസ്ഥിതിക– സാമൂഹിക നിർവ്വഹണത്തിൻറെ ആവശ്യകത

കഴിഞ്ഞ അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പോലെ ഘടനാപരവും അല്ലാത്തതുമായ പദ്ധതി പ്രവർത്തനങ്ങളിലൂടെ, ദേശീയ ദുരന്ത നിവാരണ അതോറിറ്റിയേയും, പദ്ധതി സംസ്ഥാനങ്ങളെയും അപകട നഷ്ട സാധ്യത കുറയ്ക്കുന്നതിന് വേണ്ടി സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ശരിയായ ആസൂത്രണം ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, പ്രകൃതിക്കു വിപരീത ഫലങ്ങൾ ഉണ്ടാകുകയും, പ്രതീക്ഷിച്ച ഫലങ്ങൾ പദ്ധതിയിൽ നിന്നും ലഭിക്കാതെ ഇരിക്കുകയും, തൻമൂലം പദ്ധതി മുതൽ മുടക്ക് ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കാതെ പാഴായി പോവുകയും ചെയ്യും . ഇന്ത്യയിലെ തീരപ്രദേശത്തെ ഉയർന്ന ജനസാന്ദ്രതയും, പരിസ്ഥിതി പ്രാധാന്യവുമുള്ള സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അവിടങ്ങളിലെ പാരിസ്ഥിതിക സാമൂഹിക സ്വാധിനങ്ങളും, വളരെ ശ്രദ്ധയോടെ വിലയിരുത്തുകയും നിർവഹിക്കുകയും ചെയ്യണം.

വ്യത്യസ്തമായ ഭൂപ്രകൃതിയും, തീരദേശവുമുള്ള നാലു സംസ്ഥാനങ്ങളിലാണ് ദേശിയ ചുഴലിക്കാറ്റ് പ്രതിരോധ പ്രവർത്തനങ്ങൾ (വ്യത്യസ്ത സ്വഭാവത്തിലും അളവിലും ഉള്ള പ്രവർത്തനങ്ങൾ ) നടത്തുന്നത്. തത്ഫലമായി, പാരിസ്ഥികവും സാമൂഹികവുമായ ആഘാതങ്ങൾ പ്രാദേശിക ഭൂമിശാസ്ത്രം, പരിസ്ഥിതി സജ്ജീകരണം, ആ പ്രദേശത്തെ സാമൂഹികവും സാമ്പത്തികവുമായ സ്വഭാവങ്ങൾ, പദ്ധതി പ്രവർത്തനങ്ങളുടെ അളവ് എന്നിവ അനുസരിച്ചു മാറിക്കൊണ്ടിരിക്കും , ഇക്കാരണത്താൽ പദ്ധതി നടപടികളുടെയും, ഉപപദ്ധതികളുടെയും ആസൂത്രണം, മാതൃക, നിർമ്മാണം എന്നിവയ്ക്ക് മാർഗ്ഗദർശിയായി പ്രവർത്തിക്കുന്ന ഒരു രേഖ ആവശ്യമാണെന്നു കണ്ടെത്തി . പദ്ധതിയുടെ ആസൂത്രണത്തിനും, നടത്തിപ്പിനും വേണ്ടി തത്ത്വങ്ങളെയും, പ്രയോഗിക സമീപനത്തെയും യോജിപ്പിക്കാൻ ഈ രേഖ സഹായിക്കും. ഈ സാഹചര്യത്തിൽ ഒരു അടിസ്ഥാന ഘടന കൈക്കൊള്ളുകയും പാരിസ്ഥിതികവും, സാമൂഹികവുമായ ഒരു മാർഗരേഖ ഈ പദ്ധതിക്കുവേണ്ടി തയാറാക്കുകയും ചെയ്തു.

### 2.2 പാരിസ്ഥിതി സാമൂഹിക നിർവ്വഹണത്തിൻറെ ഉദ്ദേശങ്ങൾ

പ്രധാനമായും ദുരന്തസാധ്യത ലഘൂകരണ പദ്ധതികൾ ലക്ഷ്യമിടുന്നത് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണത്തിലാണ്. ദുരന്ത സാധ്യത ലഘൂകരണ പദ്ധതിയുടെ മറ്റൊരു വശം എന്നത്, ഭാവിയിലുള്ള ദുരന്തങ്ങളെ നേരിടുന്നതിന് വേണ്ടി ജനവാസകേന്ദ്രങ്ങളെയും സാഹചര്യങ്ങളെയും കൂടുതൽ അപകടസാധ്യതയുള്ള പരിസ്ഥിതി ലോലപ്രദേശങ്ങളിൽ നിന്നും അകലെയാക്കുക.

കരുതലില്ലാതെ ഉള്ള പരിസര സജ്ജീകരണ സമീപനം ജീവനും സ്വത്തിനും , നഷ്ടങ്ങൾ ഉണ്ടാകുന്ന കാരണങ്ങളിൽ ഒന്നാണ്. ഈ പദ്ധതി പാരിസ്ഥിതികവും, സാമൂഹികവുമായ നിലനിൽപ്പ് മുൻനിർത്തികൊണ്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളുടെ ആസൂത്രണത്തിനും , നിർമ്മാണപ്രവർത്തനത്തിനും ശരിയായ അന്തരീക്ഷം നൽകുന്നതോടൊപ്പം പ്രകൃതി ദുരന്തങ്ങളായ ചുഴലിക്കാറ്റിനും തുടർന്നുള്ള വെള്ളപ്പൊക്കവും മൂലമുണ്ടാകുന്ന കേടുപാടുകൾ ജനനിബിഡമായ തീരപ്രദേശങ്ങളുള്ള 4 പദ്ധതി സംസ്ഥാനങ്ങളിൽ ഇല്ലാതാക്കാനും, കുറയ്ക്കാനും സഹായിക്കുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ESMF ആണ് ആവശ്യമായ നിർദ്ദേശങ്ങളും, ആസൂത്രണ രീതികളും, നൽകുന്നത്. ഇവ നടപ്പാക്കേണ്ട വഴികൾ താഴെ പറയുന്നവയാണ്.

1. പാരിസ്ഥിതിക, സാമൂഹിക ആസൂത്രണത്തിനും, പുനരവലോകനത്തിനും, അംഗീകരിക്കലിനും, ഉപപദ്ധതികളുടെ നടപ്പാക്കലിനും വേണ്ടി കൃത്യമായ പ്രവർത്തനങ്ങളും , സമ്പ്രദായങ്ങളും ഉണ്ടാക്കുക.

2. ഉപപദ്ധതിയുടെ നടപ്പാക്കൽ , എന്നിവയുടെ പ്രധാനപ്പെട്ട ഭാഗം എന്നനിലയിൽ ആസൂത്രണത്തിനും, മാതൃക നടപ്പാക്കലിനും, പാരിസ്ഥിതിക സാമൂഹിക നിർവ്വഹണ നടപടികൾക്ക് വേണ്ടി നിർദ്ദേശങ്ങൾ നൽകാനുള്ള വ്യവസ്ഥ തയ്യാറാക്കുക.

3. ഉപപദ്ധതിയെ സംബന്ധിച്ച ശരിയായ പ്രവർത്തനം , ഉത്തരവാദിത്വങ്ങൾ, അത്യാവശ്യ നടപടികൾ അറിയിക്കാൻ ഉള്ള രേഖാരൂപം, പാരിസ്ഥിതിക നിർവ്വഹണവും പരിശോധനയും, ബന്ധപ്പെട്ട സാമൂഹിക സാഹചര്യം വ്യക്തമാക്കുക.

4. ESMF ൻറെ വിജയകരമായ പ്രവർത്തനത്തിന് വേണ്ടി , പരിശീലനം, കാര്യക്ഷമത വർധിപ്പിക്കൽ, സാങ്കേതിക സഹായം എന്നിവയുടെ ക്രമീകരണങ്ങൾ നടത്തുന്നതിന് തീരുമാനിക്കുക.

**ESMF ൻറെ പ്രയോഗം നിമിത്തം സാധ്യമാക്കുന്നവ:-**

1. ഉപപദ്ധതിയുടെ ആസൂത്രണത്തിൻറെയും മാതൃക, നടപ്പാക്കൽ, പ്രവർത്തനം, നിർവ്വഹണം, എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ഘട്ടത്തിലുമുള്ള തീരുമാനം പാരിസ്ഥിതിക സാമൂഹിക വീക്ഷണത്തിൻറെ യോജിച്ചത് ആകുന്നു. കൂടാതെ നേരത്തെയുള്ള പദ്ധതി ചക്രത്തിലുണ്ടായ വിപരീത പാരിസ്ഥിതിക, സാമൂഹിക ആഘാതങ്ങൾ തിരിച്ചറിഞ്ഞ് അവയെ ഇല്ലാതെ ആകുകയോ, ലഘുകരിക്കുകയോ ചെയുന്നു.

2. ഉപപദ്ധതിയുടെ മെച്ചപ്പെട്ട രീതിയിലുള്ള ആസൂത്രണം, മാതൃക, നടപ്പിലാക്കൽ എന്നിവയിലൂടെ പാരിസ്ഥിതികവും സാമൂഹികവുമായ ഫലങ്ങളെ മെച്ചപ്പെടുത്തുക.

3. ഉപപദ്ധതികൾമൂലം നേരിട്ടോ, അല്ലാതെയോ ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ കഴിയുന്നത് പോലെ കുറയ്ക്കുക.

4. മനുഷ്യൻറെ ആരോഗ്യം സംരക്ഷിക്കുക.

5. സാംസ്കാരിക സ്വത്തുകൾക്കുളള ആഘാതം കുറയ്കുക.

**2.3 പരിസ്ഥിതി നിർവ്വഹണ ബാഹ്യരൂപത്തിൻറെ പ്രധാന ഉളളടക്കങ്ങൾ**

ബാങ്ക് മുടക്കുന്ന പണം ഉപയോഗിച്ചുള്ള പദ്ധതികളുടെ ആസൂത്രണത്തിനും മാതൃകയ്ക്കും നടപ്പാക്കലിനും വേണ്ട വിവിധ നയങ്ങളുടെയും മാർഗ്ഗദർശനങ്ങളുടെയും, പ്രവർത്തനങ്ങളുടെയും, വിശദാംശങ്ങളാണ് ഈ പദ്ധതി ക്രമത്തിൽ ഉള്ളത്. ഈ പദ്ധതിയുടെ ഫലമായി ഉയർന്നു വരുവാനിടയുള്ള പ്രതികൂലമായ പാരിസ്ഥിതിക, സാമൂഹിക ആഘാതങ്ങളെ തിരിച്ചറിയാനും, ഒഴിവാക്കുവാനും, ലഘുകരിക്കാനും, പ്രാപ്തമായ നയങ്ങളെയും, ഉദ്ദേശ്യങ്ങളെയും സമീപനങ്ങളെയുമാണ് ഈ പദ്ധതി ക്രമത്തിൽ വിവരിക്കുന്നത്.

പരിസ്ഥിതി നിർവ്വഹണ ബാഹ്യഘടനയിൽ പ്രത്യേകമായി ഉൾക്കൊളളുന്നത് താഴെ പറയുന്നവയാണ്:

- പദ്ധതിയുടെ മൊത്തത്തിലുള്ള നടപ്പാക്കലിന് ആവശ്യമായ ഭാരതസർക്കാരിൻറെ പരിസ്ഥിതി നിയമങ്ങൾ, ലോകബാങ്കിൻറെ സുരക്ഷ സംവിധാന നയങ്ങൾ എന്നിവയെ പറ്റിയുള്ള അറിവ്.
- ചെയ്യാൻ ഉദ്ദേശിച്ച ഉപപദ്ധതികളെ പറ്റി തീരുമാനം എടുക്കുന്നതിന് മാർഗ്ഗദർശനം നല്കാൻ വേണ്ടി പാരിസ്ഥിതിക, സാമൂഹിക സൂക്ഷ്മ പരിശോധനയ്ക്ക് പിന്തുടരേണ്ട നടപടികൾ.
- പരിസ്ഥിതിക്കും, സമൂഹത്തിനും, ഉണ്ടാകുന്ന ആഘാതങ്ങൾ നിർണ്ണയിക്കുകയും പരിസ്ഥിതി ലഘൂകരണ പദ്ധതികൾക്ക് വേണ്ടി പിൻതുടരേണ്ട പ്രവർത്തനങ്ങളും മാർഗ്ഗങ്ങളും തയാറാക്കുക.
- അറിയപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പിന് മുൻകൂട്ടി കാണുന്ന പാരിസ്ഥിതിക , സാമൂഹിക ആഘാതങ്ങളുടെ പ്രാഥമിക നിർണ്ണയം.
- മുൻകൂട്ടി വിലയിരുത്താൻ ആകുന്ന ആഘാതങ്ങൾ ലഘുകരിക്കുന്നതിനും, ഒഴിവാക്കുന്നതിനും, പൊതുവായ പരിസ്ഥിതി നിർവഹണ പദ്ധതികൾ.
- പുനരധിവാസ പദ്ധതിയുടെ രേഖ തയാറാകുന്നതിനു ആവശ്യമുള്ള സഹായങ്ങൾ ചെയ്തുകൊടുക്കുക.
- പാരിസ്ഥിതിക, സാമൂഹിക നിർവഹണത്തിന് നിയന്ത്രികളും തയ്യാറാക്കലും ഉൾപ്പെടുത്തി സ്ഥാപനങ്ങളുടെ തയാറെടുപ്പുകൾ.

**2.4 ESMF – ൻറെ പ്രയോഗികത**

വിവിധ പദ്ധതി ഘടകങ്ങളുടെ തയ്യാറെടുക്കലിനും, നടപ്പാക്കലിനും ഭരണഘടന (ESMF) ആവശ്യമാണ്. പദ്ധതി, ഉപപദ്ധതി പ്രവർത്തനങ്ങളുമായി ചേർന്ന് നിൽക്കേണ്ട അത്യാവശ്യ ഘടകമാണ് ഇത് കൂടാതെ മുകളിൽ പറഞ്ഞ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും നേടിയെടുക്കുന്നതിനും, മൊത്തത്തിലുള്ള പദ്ധതി ക്രമം, ആസൂത്രണം തുടങ്ങി സ്ഥലം തിരിച്ചറിയൽ, മാതൃക നടപ്പാക്കൽ, പ്രവർത്തനം എന്നിവയിലൂടെ അവസാനഘട്ടംവരെ പിന്തുടരുന്നതാണ് ESMF.

സംസ്ഥാന, കേന്ദ്ര നിയമങ്ങളും, നയങ്ങളും, ലോക ബാങ്കിൻറെ നിർദ്ദേശങ്ങളും അനുസരിച്ചാണ് ESMF വികസിപ്പിച്ചെടുത്തിരിക്കുന്നത്. ഈ രേഖയും രൂപീകരണ സമയത്ത് "draft" എന്ന് സൂചിപ്പിച്ചിരുന്ന നിയമങ്ങളും, നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതില്ല.

**2.5 ESMF –ൻറെ പുതുക്കലും ഭേദപ്പെടുത്തലും**

പദ്ധതി തയ്യാറാക്കലിൻറെ സമയത്ത് അവലോകനം ചെയ്യാത്ത കാര്യങ്ങൾ ഈ രേഖയിൽ ഉൾപ്പെടുത്തിട്ടില്ല. ഭാവിയിൽ ഉയർന്നുവരാൻ സാധ്യതയുള്ളവ വിശകലനം ചെയ്തു ഉചിതമായ ആസൂത്രണ പരിപാടികൾ ESMF – ൽ ഉൾപ്പെടുത്തേണ്ടതാണ്. അപ്രതീക്ഷിത സാഹചര്യങ്ങളെയും

ഉപപദ്ധതിയ്ക്കുവേണ്ട ശരിയായ രീതിയിൽ ഉള്ള മാറ്റങ്ങളെ ഉൾപ്പെടുത്തുന്നതിനുവേണ്ടി ESMF പരിഷ്കരിക്കേണ്ടതാണ്. കൂടാതെ ഈ രൂപരേഖ പ്രവർത്തനത്തിൻറെയും നടപ്പാക്കലിൻറെയും അനുഭവങ്ങൾ അടിസ്ഥാനമാക്കി വരുന്ന മാറ്റങ്ങൾ ലോക ബാങ്കിൻറെ അഭിപ്രായം അനുസരിച്ചു ശരിയായ രീതിയിൽ പുതുക്കുകയും ചെയ്യേണ്ടതാണ്.

## അദ്ധ്യായം–3

## നിലവിലുള്ള പാരിസ്ഥിതിക, സാമൂഹിക സാഹചര്യങ്ങൾ

പ്രകൃതി ദുരന്തങ്ങളാൽ പ്രത്യേകിച്ചും ഭൂകമ്പം, വെള്ളപൊക്കം, വരൾച്ച, ചുഴലിക്കാറ്റ്, മണ്ണിടിപ്പ് എന്നിവ ഇന്ത്യയെ വൻതോതിൽ ബാധിക്കപ്പെടുന്നു. പഠനങ്ങൾ അനുസരിച്ച് ഇന്ത്യയുടെ GDP യുടെ 2 % വരെയും കേന്ദ്രവരുമാനത്തിൻറെയും 12 % വരെയും പ്രകൃതിദുരന്തങ്ങൾ നഷ്ടമുണ്ടാക്കുന്നു.

7500 km ൽ കൂടുതൽ ഉള്ള ഇന്ത്യൻ വൻകരയിലെ തീരമേഖലയും , നിരപ്പായ ഭൂപ്രദേശവും, ഉയർന്ന ജനസാന്ദ്രതയും , ഭൂമിശാസ്ത്രപരമായ സ്ഥാനവും, ഇന്ത്യയെ ചുഴലികാറ്റിനാലും , ശക്തമായ മഴയാലും എളുപ്പത്തിൽ കേടുപാടുകൾ ഉണ്ടാക്കുന്നു. ഏകദേശം 5700 km തീരപ്രദേശം രൂക്ഷമായ ചുഴലികാറ്റിനാൽ ബാധിക്കപ്പെടുന്നതാണ്. തുടരെതുടരെ ഉള്ള ചുഴലിക്കാറ്റുകൾ വലിയതോതിലുള്ള ജീവനഷ്ടത്തിനും, ജീവനോപാധി മാർഗ്ഗങ്ങൾ നഷ്ടപ്പെടുന്നതിനും, പൊതുസ്വകാര്യ സ്വത്തിൻറെ നഷ്ടത്തിനും അടിസ്ഥാന സ്വാകര്യങ്ങളുടെ നാശത്തിലേക്കു നയിക്കുന്നു . അങ്ങനെ തുടർച്ചയായ ഇടവേളകളിൽ പുരോഗതി പിന്നോക്കമാക്കുന്നു.

ചുഴലികാറ്റിനെ പറ്റിയുള്ള ഒരു പൊതുവായ അവലോകനം ഉണ്ടെങ്കിലും പദ്ധതിയുടെ വീക്ഷണത്തിൽ കൂടി മനസിലാക്കേണ്ടത് പ്രധാനമാണ്. കൂടാതെ വിവിധ സംസ്ഥാനങ്ങളിൽ ദേശീയ ചുഴലിക്കാറ്റ് അപായസാധ്യത ലഘൂകരണ പദ്ധതിയുടെ മുതൽ മുടക്കിനെ പറ്റി ഒരു അടിസ്ഥാന വിവരവും ആവശ്യമാണ്. പാരിസ്ഥിതിക, സാമൂഹിക ഭരണ ഉപഘടനയുടെ രണ്ടാം പതിപ്പിൽ പദ്ധതി സംസ്ഥാനങ്ങളുടെ നിലവിലുള്ള പാരിസ്ഥിതികവും, സാമൂഹികവുമായ സാഹചര്യങ്ങൾ പ്രതിപാദിക്കുന്നു.

### 3.1 ചുഴലിക്കാറ്റ് ഇന്ത്യൻ സാഹചര്യത്തിൽ

ന്യൂന മർദ്ദ പ്രദേശങ്ങൾക്കു ചുറ്റും ഉണ്ടാകുന്ന അന്തരീക്ഷ ക്ഷോഭങ്ങൾ പെട്ടന്നുള്ള നശീകരണ വായുപ്രവാഹമായി വേർതിരിക്കുന്നതാണ് ചുഴലിക്കാറ്റുകൾ. ഇവയ്ക്കു അകമ്പടിയായി എല്ലായിപ്പോഴും അക്രമാസക്തമായ കാറ്റും, പ്രതികൂല കാലാവസ്ഥയും ഉണ്ടാകുന്നു. വായു എതിർഘടികാരദിശയിൽ ദക്ഷിണധ്രുവത്തിലും ഘടികാരദിശയിൽ ഉത്തരധ്രുവത്തിലുംപ്രവഹിച്ചുകൊണ്ടിരിക്കും.

ചുഴലിക്കാറ്റിൻറെ വർഗ്ഗീകരണം

i) മിതോക്ഷണ ചുഴലിക്കാറ്റ്
ii) ഉഷ്ണമേഖലാ ചുഴലിക്കാറ്റ്. Cyclone എന്ന പദം ഉയർത്തിയിരിക്കുന്നത് പാമ്പിൻറെ ചുരുൾ എന്ന് അർഥം വരുന്ന ഗ്രിക്ക് പദമായ Cyclone –ൽ നിന്നാണ്. ഹെൻറി പെഡിഗ്റ്റൺ ആണ് ഈ പദം കണ്ടുപിടിച്ചത്. ബംഗാൾ ഉൾക്കടലിലെയും, അറേബ്യൻ സമുദ്രത്തിലെയും ഉഷ്ണമേഖല കാറ്റുകൾ കടലിൽ ചുരുലുള്ള സർപ്പം പോലെ കാണപ്പെടുന്നതിനാലാണ് ഈ പദ൦ വന്നത്. ലോകത്തിൽ വിവിധ ഭാഗങ്ങളിൽ ചുഴലിക്കാറ്റുകൾക്കു പല പേരുകളാണ് നൽകിയിരിക്കുന്നത്. പസഫിക് സമുദ്രത്തിലും, ചൈന സമുദ്രത്തിലും ഇത് പ്രചണ്ഡവാതം (typhoons ) എന്നാണ് അറിയപ്പെടുന്നത്. കരീബിയ സമുദ്രത്തിലും, അറ്റ്ലാൻറ്റിക് സമുദ്രത്തിലും ഹറികെയിൻ (Hurricane ) എന്നാണ് അറിയപ്പെടുന്നത്. പശ്ചിമ ആഫ്രിക്കയിലെ ഗിനിയ പ്രദേശത്തും തെക്കേഅമേരിക്കയിലും ചണ്ഡമാരുനൻ (Tornado ) എന്നും വടക്കു പടിഞ്ഞാറൻ ആസ്ട്രേലിയായിൽ വില്ലി – വില്ലിസ് എന്നും ഇന്ത്യൻ സമുദ്രത്തിൽ ഉഷ്ണമേഖല ചുഴലിക്കാറ്റ് എന്നാണ് അറിയപ്പെടുന്നത്.

ഉഷ്ണമേഖല ചുഴലിക്കാറ്റുകൾ അന്തരീക്ഷത്തിൻറെയും കടലിൻറെ പ്രവർത്തന ഫലമാണ്, കടലിൽ നിന്നുള്ള ചൂടാണ് അതിനു ശക്തിപകരുന്നത് . കിഴക്കു നിന്നുള്ള വാണിജ്യവാദങ്ങളും , മിതോഷ്ണ പശ്ചിമവാദങ്ങളും, പ്രദേശിക വാദങ്ങളും അതിൻറെ ശക്തി കൂട്ടാനും സഹായിക്കുന്നു. ചുഴലിക്കാറ്റിന് ഊർജ്ജം ലഭിക്കുന്നത് സമുദ്ര ഉപരിതലത്തിൽ നിന്നും ബാഷ്പീകരിച്ച മേഘങ്ങളായും പിന്നെ മഴയായി ഘനീഭവിക്കുന്നതും ഈർപ്പമുള്ളതുമായ വായു ഉയർന്നുവരുകയും തണുക്കുകയും ചെയുനതിലൂടെയാണ് ഈ ഊർജ്ജസ്രോതസ്സ് മിത ശീതോഷ്ണ മേഖലയിലെ ചുഴലിക്കാറ്റിൽ നിന്നും ആയ "nor'casters " (യുണൈറ്റെഡ് സ്റ്റേറ്റ്സിൻറെ വടക്ക് കിഴക്ക് ഉണ്ടാകുന്ന കാറ്റ് ) യൂറോപ്യൻ കാറ്റുകളിൽ നിന്നും വ്യത്യസ്തമാണ്, ലംബരീതിയിലുള്ള താപവ്യതിയാനം ആണ് ഇതിനു കാരണം.

### വർഗ്ഗീകരണം

ചക്രവാദങ്ങളെ ബന്ധപ്പെട്ട കാറ്റുകളുടെ ശക്തി കൊടുങ്കാറ്റുകൾ

അസാധാരണമായ മഴയുടെ സാനിദ്ധ്യം എന്നിവയുടെ അടിസ്ഥാനത്തിൽ തരം തിരിച്ചിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡം രൂപപെടുത്തിരിക്കുന്നത് . ഇന്ത്യൻ കാലാവസ്ഥ നിരീക്ഷണകേന്ദ്രം ആണ് .

| വിധം | കാറ്റിൻറെ വേഗത Km/hr | കാറ്റിൻറെ വേഗത (knots )ൽ |
|---|---|---|
| ന്യൂനമർദ്ദം | 31 – ൽ കുറവ് | 17–ൽ കുറവ് |
| | 31 - 49 | 17 – 27 |
| ഡിപ്രഷൻ | 49 –61 | 27 – 33 |
| അതിന്യൂനമർദ്ദം | 61 –88 | 33 –47 |
| ചുഴലിക്കാറ്റ് | 88 –117 | 47 –63 |
| ചുഴലിക്കൊടുങ്കാറ്റ് | 221 – ൽ കൂടുതൽ | 120–ൽ കൂടുതൽ |
| വിശിഷ്ട ചുഴലിക്കാറ്റ് | | |

*1 knots = 1.85km/hr*

കാറ്റിൻറെ വേഗതയുടെ അടിസ്ഥാനത്തിൽ ചുഴലിക്കാറ്റുകളെ 5 വ്യത്യസ്ത തലങ്ങളിലായി തരംതിരിക്കാം. നാശനഷ്ടങ്ങൾ ഉണ്ടാകുന്നതിൻറെ അടിസ്ഥാനത്തിൽ അവയെ വീണ്ടും താഴെ പറയുന്ന രീതിയിൽ വിഭജിക്കാം..

| ചുഴലിക്കാറ്റ് വിഭാഗം | കാറ്റിൻറെ വേഗത km/hr | നഷ്ടത്തിൻറെ അളവ് |
|---|---|---|
| 01 | 120–150 | ഏറ്റവും കുറഞ്ഞത് |
| 02 | 150–180 | മിതമായത് |
| 03 | 180–210 | വ്യാപകമായത് |
| 04 | 210–250 | തീവ്രതമായത് |
| 05 | 250–ഉം അതിനു മുകളിലും | മഹാവിപത്ത് ഉണ്ടാകുന്നത് |

**<u>ചുഴലിക്കാറ്റ് സൃഷ്ടിക്കുന്ന വിനാശം</u>**

ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട 3 ഘടകങ്ങളാണ് വിനാശം ഉണ്ടാകുന്നത്.

1) <u>ശക്തമായ കാറ്റുകൾ</u>

ശക്തമായ ചുഴലിക്കാറ്റിനോടു അനുബന്ധ മായ കാറ്റുകൾ. അടിസ്ഥാന സൗകര്യങ്ങൾക്കു ഉണ്ടാകുന്ന രൂക്ഷമായ നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നു. വളരെ ശക്തമായ കാറ്റും അതിൻറെ ഭാഗമായി ഉണ്ടാകുന്ന ചുഴലിക്കാറ്റും, കെട്ടിടങ്ങളെയും മരങ്ങളെയും യന്ത്ര ഉപകരണങ്ങളെയും വാർത്ത വിനിമയ ശൃംഖലയേയും നശിപ്പിക്കുന്നു. അതുവഴി ജീവനും, സ്വത്തിനും നഷ്ടമുണ്ടാകുന്നു. കൊടുംകാറ്റ് ചെറുതാണെങ്കിലും പെട്ടന്നുള്ള ആഗമനമാണ് നാശനഷ്ടങ്ങൾക്കു കാരണം.

2) <u>പേമാരിയും ഉൾനാടൻ വെള്ളപ്പൊക്കവും</u>

െവളരെ ഉയർന്ന ഊർപ്പാവസ്ഥ ഘനീഭവിച്ചു അസാധാരണമായാ വിധം വലിയ മഴത്തുള്ളികളും, ഭീമമായ ക്യുമുലസ് മേഘങ്ങളും ഉണ്ടാകുകയും ചെയ്യുന്നു. ചുഴലിക്കാറ്റ് കരയിലെത്തുമ്പോൾ മഴ പെട്ടെന്ന് സാന്ദ്രികരിക്കുകയും അളവിൽ കൂടുതലുള്ള ജലം വിശാലമായി ഒഴുകുകയും ചെയ്യുന്നു. അങ്ങനെ പഴയ ജലസംഭരണികളിൽ വെള്ളപൊക്കം ഉണ്ടാക്കുക പുതിയവ സൃഷ്ടിക്കുകയോ ചെയ്യുന്നു. ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പേമാരി (30 cm /hr ) യാണ് നാശനഷ്ടങ്ങൾക്കു പ്രധാന കാരണം. കൂടുതൽ അടങ്ങാത്ത മഴ അദൂരപൂർവ്വമായ വെള്ളപ്പൊക്കത്തിന് ഇടയാക്കുന്നു . ചുഴലികാറ്റിനാൽ വീടുകൾ നഷ്ടമാകുന്നവർക്ക് മഴ ഒരു വലിയ പ്രശനം തന്നെയാണ് . ചുഴലികാറ്റിൽനിന്നുമുണ്ടാകുന്ന പേമാരി വിശാലമായ സ്ഥലത്തേക്കു വ്യാപിക്കുകയും വലിയ തോതിൽ ഉള്ള മണ്ണൊലിപ്പിനും, തടയിണകളുടെ ബലക്ഷയത്തിനും കാരണമാകുന്നു.

3) <u>കടൽക്ഷോഭം</u>

രൂക്ഷമായ ഉഷ്ണമേഖല ചുഴലിക്കാറ്റ് കാരണം അസാധാരണമായ വിധത്തിൽ കടൽ നിരപ്പ് ഉയരുന്നതാണ് കടൽക്ഷോപം. ഇതിൻറെ ഫലമായി കടൽവെള്ളം നിറഞ്ഞു കവിഞ്ഞൊഴുകുകയും , തീരപ്രദേശങ്ങളിലെ താഴ്ന്ന ഇടങ്ങളിലെ ജനങ്ങളും , ജീവജാലങ്ങളും വെള്ളത്തിൽ മുങ്ങുകയും

കടൽതീരവും തടയിണയും ഒളിച്ചു പോകുകയും സസ്യജാലങ്ങൾ നശിക്കുകയും അങ്ങനെ മണ്ണിൻറെ ഫലഭൂയിഷ്ടി കുറയ്ക്കുകയും ചെയ്യുന്നു.

ചുഴലിക്കാറ്റുകളുടെ വ്യാസം 50 മുതൽ 320 km വരെ വ്യത്യാസമുണ്ടെങ്കിലും അവയുടെ പ്രഭാവം ആയിരത്തോളം km വരെ സമുദ്രതീരത്തിലും താഴ്ന്ന അന്തരീക്ഷത്തിലും പ്രബലമാണ്. അവയുടെ ചുറ്റളവ് 1000 km വരെ ഉണ്ടെങ്കിലും ഊർജ്ജകേന്ദ്രത്തിന് 100 km ൻറെ ഉള്ളിൽ മാത്രമെ വ്യാസം ഉണ്ടാകു. ഉർജ്ജകേന്ദ്രത്തിൻറെ അടുത്ത് കാറ്റ് 320 km വേഗതയിൽ വീശുന്നു. ഉഷ്ണമേഖലാ ചുഴലിക്കാറ്റ് സാധാരണ ജീവിതത്തെ ബാധിക്കുന്ന നശീകരണ കാറ്റുകളായും, പേമാരിയായും, കടൽഷോപത്താലും വിശേഷിക്കപ്പെടുന്നു. ഇതിൻറെ അകമ്പടിയായി അസാധാരണമായ വിധം മഴയും, ജലസ്രോതസ്സുകൾ നിറഞ്ഞൊഴുകി ഉൾനാടൻ പ്രദേശങ്ങളിൽ വെള്ളപൊക്കം ഉണ്ടാകുകയും ചെയ്യുന്നു.

ചുഴലിക്കാറ്റുകൾ അവയുടെ നശീകരണ ശക്തികൊണ്ട് നശിപ്പിക്കുന്ന കെട്ടിടങ്ങൾ, അതായത് വീടുകൾ, ഊർജ്ജ വാർത്ത വിനിമയ ഗോപുരങ്ങൾ, ആശുപത്രികൾ, ഭക്ഷണ ശേഖരണ കേന്ദ്രങ്ങൾ, റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ, ധാന്യങ്ങൾ എന്നിവയാണ് ഏറ്റവും രൂക്ഷമായ ഭവിഷ്യത്തുകൾ ഉണ്ടാകുന്നത് കടൽ പ്രക്ഷോപത്താലും പേമാരിയാലുമാണ്. പേമാരിമൂലം തീരപ്രദേശത്തെ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലാക്കുന്നു. കടൽനിരപ്പ് ഉയരുന്നതും തീരദേശ സമൂഹത്തിനു വലിയതോതിൽ ബാധിക്കുന്നു.

ഇന്ത്യയിലെ പ്രധാനപ്പെട്ട ചുഴലിക്കാറ്റുകൾ

1891 – 2006 വരെയുള്ള കാലയളവിൽ ഇന്ത്യൻ തീരദേശ ജില്ലകളിൽ വീശിയടിച്ച പ്രധാനപ്പെട്ട ഉഷ്ണമേഖലാ ചുഴലിക്കാറ്റുകൾ താഴെ കൊടുക്കുന്നു.

| സംസ്ഥാനം | തീരദേശജില്ല | ചുഴലിക്കാറ്റുകളുടെ എണ്ണം |
|---|---|---|
| കേരളം(3 ) | മലപ്പുറം<br>കോഴിക്കോട്<br>കണ്ണൂർ | 1<br>1<br>1 |
| കർണാടകം(2 ) | ദക്ഷിണ കന്നട<br>ഉത്തര കന്നട | 1<br>1 |
| മഹാരാഷ്ട്ര | സിന്ധുദുർഗ്<br>രത്നഗിരി<br>മുംബൈ<br>താനെ | 3<br>3<br>3<br>4 |
| ഗോവ (2 ) | ഗോവ | 2 |
| ഗുജറാത്ത് (28 ) | സൂറത്ത്<br>കൈറ<br>ഭാവ്നഗർ<br>അമെരേലി<br>ജുനർഗഢ്<br>ജാം നഗർ<br>കച്ച് | 1<br>1<br>4<br>4<br>7<br>6<br>5 |

പൂർവ്വതീരം

| | | |
|---|---|---|
| പശ്ചിമ ബംഗാൾ (69) | 24 പരഗന (N & S )<br>മിഥ്നാപൂർ | 35<br>34 |
| ഒഡിഷ 98) | ബാലസോർ<br>കട്ടക്ക്<br>പുരി<br>ഗഞ്ചം | 32<br>32<br>19<br>15 |

| | | |
|---|---|---|
| ആന്ധ്രാപ്രദേശ് (79) | ശ്രീകാകുളം<br>വിശാഖപട്ടണം<br>പൂർവ്വഗോദാവരി<br>പശ്ചിമഗോദാവരി<br>കൃഷ്ണ<br>ഗുണ്ടൂർ<br>പ്രകാശം<br>നെല്ലൂർ | 14<br>9<br>8<br>5<br>15<br>5<br>7<br>16 |
| തമിഴ്നാട്(54) | ചെന്നൈ<br>ഗുഡല്ലൂർ<br>സൗത്ത്ർകോട്ട്<br>തഞ്ചാവൂർ<br>പുതുകോട്ടൽ<br>രാമനാഥപുരം<br>തിരുനൽവേലി<br>കന്യാകുമാരി | 18<br>7<br>5<br>12<br>5<br>3<br>2<br>2 |
| പോണ്ടിച്ചേരി(8) | പോണ്ടിച്ചേരി | 8 |

ഇന്ത്യയിലെ അപകട സാദ്ധ്യതകൾ , ജനസംഖ്യയിലുള്ള വ്യത്യാസം , സാമൂഹിക സാമ്പത്തിക അവസ്ഥകൾ, ആസൂത്രിതമല്ലാത്ത നഗര വൽകരണം , അപകട സാധ്യതയുള്ള മേഖലകളിലെ പുരോഗമന പ്രവർത്തനങ്ങൾ എന്നിവയുടെ വർദ്ധനവിൻറെ സംയുക്തമാണ്.

**3.2 കാറ്റിൻറെനിലവിലുള്ള സാമൂഹിക അവസ്ഥ– ഇന്ത്യൻ തീരം**

തിരമേഖല എന്നുപറയുന്നത് കടലിൻറെയും കരയുടെയും പ്രവർത്തനങ്ങളാൽ ഉണ്ടാകുന്ന വിശിഷ്ടമായ ഒരു പരിസ്ഥിതിയാണ്. തീരപ്രദേശങ്ങൾ വളരെ അധികം ദുർബലവും, ചലനാത്മകവും ആയ ആവാസവ്യവസ്ഥയാണ്. ഈ പ്രദേശങ്ങൾ എപ്പോഴും മനുഷ്യൻറെ പ്രവർത്തനങ്ങളാലും, പ്രകൃതിയുടെ പ്രവർത്തനങ്ങളും ബാധിക്കപെടുന്നവയാണ്.. തീരപ്രദേശങ്ങൾ വളരെ വിശാലമായ ജീവജാലങ്ങൾ കൊണ്ട് സന്തുഷ്ടമാണ്. അവ പവിഴപ്പുറ്റുകൾ, കണ്ടൽക്കാടുകൾ, കടൽച്ചെടികൾ, മണൽക്കുനകൾ, നദിമുഖപരപ്പ്, ഉപ്പുപാടം, കായൽ, അഴി എന്നിവയാണ്. ജീവവും, അജീവവുമായ പ്രവർത്തങ്ങളുള്ള ഫലമാണ് ഇവയെല്ലാം.

ലഭ്യമായ വിവരങ്ങൾ അനുസരിച്ചാണ് തീരദേശമേഖലയുടെ അതിര് വ്യത്യസ്ത രീതിയിൽ തീരുമാനിച്ചിട്ടുള്ളത്. സാധാരണയായി തീരത്തേക്കുള്ള ദൂരം , ഉയരം എന്നിവയുടെ സംയുക്തമായ വിവരങ്ങളാണ് ഉപയോഗിക്കുന്നത്. പല രാജ്യത്തും പലരീതിയിൽ ഉള്ള ദൂരമാനദണ്ഡങ്ങളാണ് തീരദേശമേഖലയെ നിർണ്ണയിക്കാനായി ഉപയോഗിക്കുന്നത്. വേലിയേറ്റത്തിൽ നിന്നും കരയിലേക്ക 500 m കണക്കാക്കിയാണ് തിരമേഖലയെ തിരിക്കുന്നത്. ലോകത്തിലെ മുഴുവൻ തീരരേഖ എന്നു പറയുന്നത് 356,000km ആണ് ഭൂമിയുടെ 10 % ൽ കൂടുതൽ തീരപ്രദേശമാണ്. കടൽ ഗതാഗതം, മൽസ്യബന്ധനം, വിനോദസഞ്ചാരം, വിനോദപ്രവർത്തനങ്ങൾ, വ്യവസായ വത്കരണം, ജനവാസകേന്ദ്രങ്ങൾ എന്നിവ സാമ്പത്തിക ലാഭം നേടുവാനാണ് തീരപ്രദേശങ്ങളെ കേന്ദ്രീകരിക്കുന്നത്.

ലോകത്തിലെ 40 % ജനസംഖ്യയും തീരത്തിൻറെ 100 km ലാണ് ഉൾപ്പെടുന്നത്. ലോകത്തിലെ 10 % ജനങ്ങളും തീരപ്രദേശങ്ങളിലെ താഴ്ന്ന പ്രദേശങ്ങളിലാണ് ജീവിക്കുന്നത്. ഇന്ത്യയിലെ 35% ജനങ്ങൾ 7517km ദൈർഘ്യമുള്ള തീരപ്രദേശത്തിൻറെ 100 km ഉള്ളിലാണ് ജീവിക്കുന്നത്.

ആവാസവ്യവസ്ഥയുടെ മികച്ച ഉത്പാദനം , ജനസാന്ദ്രത, പുതുക്കാവുന്നതും, അല്ലാത്തതുമായ പ്രകൃതി വിഭവങ്ങളുടെ ചൂക്ഷണം, മലിന വസ്തുക്കളുടെ പ്രവാഹം, നഗര സംബന്ധമായ മലിനജലം, വ്യവസായ വത്കരണം, വിനോദ മാർഗ്ഗങ്ങൾ എന്നിവ. തീരപ്രദേശങ്ങൾ എപ്പോഴും മാറ്റത്തിന് വിധേയമായി കൊണ്ടെരിക്കുന്നു. കടലിൻറെയും, കരയുടെയും പ്രവർത്തനങ്ങൾ മൂലം മണ്ണൊലിപ്പ്, കടൽ ഉയരുന്നതും തിരമാലകൾ മൂലമുള്ള വെള്ളപൊക്കം , മനുഷ്യ നിർമ്മിതമായ പ്രവർത്തനങ്ങളാൽ അതായതു അനധികൃത തീര നിർമാണങ്ങൾ , എന്നിവയാണ് തീരപ്രദേശത്തിൻറെയും അതിൻറെ പ്രകൃതിയുടെയും മാറ്റത്തിന് കാരണം .

**പരിസ്ഥിതി ലോലപ്രദേശങ്ങൾ**

ഇന്ത്യൻ തീരങ്ങൾ വളരെ വ്യത്യസ്ത രീതിയിലുള്ള പരിസ്ഥിതിലോലപ്രദേശങ്ങളാണ് . മണൽതിട്ടകൾ, ചതുപ്പുനിലങ്ങൾ എന്നിവ പ്രത്യേകം പരിഗണന അർഹിക്കുന്നതാണ്, ഇവയിൽ ചിലത്

വ്യാവസായിക പ്രാധാന്യമുള്ള മൽസ്യങ്ങൾ , ഗ്യാസ്ട്രോപോഡുകൾ, ക്രസ്റ്റേഷ്യനുകളുടെയും വിളനിലങ്ങളുമാണ്. ഈ അവാസ വ്യവസ്ഥയുടെ പ്രത്യേക സ്വഭാവം എന്നു പറയുന്നത് വ്യത്യസ്ത രീതിയിലുള്ള ജീവാണുകളുടെ ആതിഥേയത്വമാണ് . അടുത്ത കാലത്തു വേലിയേറ്റ , വേലിയിറക്ക മേഖലകളിൽ നടത്തിയ ഖനനത്തിലൂടെ മനുഷ്യൻറെ ആരോഗ്യത്തിനും ഉതകുന്ന രീതിയിലുള്ള വ്യത്യസ്ത കണങ്ങൾ ലഭിച്ചു.. ഒരേ ആവാസവ്യവസ്ഥയിൽനിന്ന് തന്നെ ആണെങ്കിലും വ്യത്യസ്തമായ മേഖലകളിൽ നിന്നുള്ള തന്മാത്രകൾ വ്യത്യസ്ത സ്വഭാവം ഉള്ളവയാണ് . ഈ ഒരു ഒറ്റ കാര്യം കൊണ്ട് മാത്രം ഈ അവസ്ഥ വ്യവസ്ഥകൾ സംരക്ഷികപ്പെടേണ്ടവയാണ്. തീരപ്രദേശങ്ങളുടെ നഷ്ടം എന്ന് പറയുന്നത് ഭാവി തലമുറയുടെ നഷ്ടമാണ്.

മണൽ തിട്ടകളാണ് സാധാരണയായി ഏറ്റവും കൂടുതൽ ബാധിക്കപ്പെടുന്ന ആവാസവ്യവസ്ഥ, മണൽ തിട്ടകൾ എന്നത് പ്രകൃതിയുടെ കലവറയാണ്, അത് ഇടക്ക് ചിതറിപോകുകയും എപ്പോൾ വേണമെങ്കിലും സ്ഥാനചലനം സംഭവിക്കുകയും ചെയ്യുന്നു.

**<u>ഇന്ത്യയിലെ തീരപ്രദേശത്തിൻറെ സ്ഥിതി വിവര കണക്ക്</u>**

| | |
|---|---|
| തിരരേഖയുടെ നീളം<br>മുഴുവൻ കര പ്രദേശം<br>കൊണ്ടിനെൻറൽ ഷൽഫിൻറെ വിസ്തീർണ്ണം<br>പ്രാദേശിക കടൽ (12 നോട്ടിക്കൽ ദൂരം വരെ )<br>പ്രധാന സാമ്പത്തിക മേഖല | 7516.6 km<br>വൻകര : 5422.6 km<br>ദ്വീപ് പ്രദേശം : 2094 km<br>3,287,263 $km^2$<br>372,424 $km^2$<br>193,834$km^2$<br>2.02 106 Miillion $km^2$ |
| സമുദ്ര സംബന്ധമായ സംസ്ഥാനങ്ങളും, കേന്ദ്രഭരണ പ്രദേശങ്ങളും | |
| തീരദേശ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും എണ്ണം | 9 സംസ്ഥാനങ്ങൾ<br><br>1. ഗുജറാത്ത്<br>2. മഹാരാഷ്ട്ര<br>3. ഗോവ<br>4. കർണാടക<br>5. കേരള<br>6. തമിഴ്നാട്<br>7. ആന്ധ്രാപ്രദേശ്<br>8. ഒഡീഷ<br>9. പശ്ചിമബംഗാൾ<br>രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങൾ<br>ദാമൻ ആൻറ് ദിയു<br>പുതുച്ചേരി |
| ദ്വീപ് പ്രദേശങ്ങൾ | ആൻഡമാൻ നിക്കബാർ ദ്വീപുകൾ (ബംഗാൾ ഉൾക്കടൽ )<br>ലക്ഷദ്വീപ് (അറേബ്യൻ കടൽ) |
| തീരദേശ ജില്ലകളുടെ എണ്ണം | ഇന്ത്യ വൻകരയിൽ –69 തീരദേശ ജില്ലകൾ, ആൻഡമാൻ നിക്കോബാർ ദ്വീപിൽ ഒന്ന്, ലക്ഷദ്വീപിൽ ഒന്ന് |
| <u>തീരദേശ ഘടന (വൻകര)</u><br>മണൽത്തീരം<br>പാറക്കെട്ടുള്ള തീരം<br>ചെളിനിറഞ്ഞ സമരേഖ<br>ചതുപ്പു തീരം<br>മണ്ണൊലിപ്പിനാൽ ബാധിക്കപ്പെടുന്ന തീരരേഖ | <br>43%<br>11%<br>36%<br>10%<br>1624.435 km(വൻകര)<br>132(ദ്വീപുകൾ) |
| <u>ജനസംഖ്യ</u><br>ഇന്ത്യയിലെ ജനസംഖ്യ<br>തീരദേശ സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും ജനസംഖ്യ | <br>1.27 billion (സെൻസസ് 2011)<br>560 million |

| | |
|---|---|
| ദ്വീപ് പ്രദേശങ്ങളിലെ ജനസംഖ്യ<br><br>തീരദേശജില്ലകളിലെ ജനസംഖ്യ<br><br>ഇന്ത്യയിലെ തീരദേശജില്ലകളുടെ ജനസംഖ്യ ആഘാതം | 0.44 million<br><br>171 million<br><br>14.296 |
| തീരദേശ ആവാസവ്യവസ്ഥ<br>തീരദേശ ചതിപ്പുനിലങ്ങൾ<br>പ്രധാനപ്പെട്ട കായലുകൾ<br>പ്രധാനപ്പെട്ട അഴി മുഖങ്ങൾ<br>കണ്ടൽക്കാട്ടുകൾ<br>കണ്ടൽക്കാട്ടുകൾ ഉൾപ്പെടുന്ന പ്രദേശം<br><br><br><br>പവിഴപ്പുറ്റ് പ്രദേശം<br>കടലിൻറെ സംരക്ഷണ പ്രദേശം<br>MPA വരുന്ന പ്രദേശങ്ങൾ | <br>43230km$^2$<br>97<br>34<br>37<br>6740km2(51% വടക്കൻ തീരം, 23% പടിഞ്ഞാറൻ തീരം 26% ആൻഡമാൻ നിക്കോബാർ ദ്വീപുകൾ)<br>5<br>31<br>6271.2km$^2$ |
| തീരദേശ ജൈവവൈവിധ്യം<br><br>കടൽ ആൽഗകൾ<br><br>കടൽ ചെടികൾ<br><br>കണ്ടൽ കാട്ടുകൾ | <br><br>217 മൊത്തം<br><br>544 ഇനം<br><br>6 14 ഇനം |
| ക്രസ്റ്റേഷ്യൻസ്<br><br>മൊളസ്കസ് (നോട്ടുള്ള ജീവി)<br><br>എകൈനോ ഡോംസ്<br><br>കട്ടിയുള്ള പവിഴപ്പുറ്റുകൾ<br><br>മൽത്സ്യങ്ങൾ<br><br>ഉരഗങ്ങൾ<br><br>കടൽ സസ്തനികൾ | <br><br>2934 ഇനം<br><br>3370 ഇനം<br><br>765 ഇനം<br><br>218 ഇനം<br><br>2546 ഇനങ്ങൾ<br><br>5 ഇനം കടലാമകൾ<br><br>26 ഇനം പാമ്പുകൾ<br><br>ഇന്ത്യൻ തീരങ്ങളിൽ 3 ഇനം സെറ്റേഷ്യൻ ഇരാവാടി ഡോൾഫിൻ, ഗംഗാനദിയിലെ ഡോൾഫിൻ, തിമിംഗലം, 1972 ലെ വന്യജീവി സംരക്ഷണ നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഡഗോംഗ് |
| കടൽ മത്സ്യങ്ങൾ<br><br>മത്സ്യ ബന്ധന വില്ലേജുകളുടെ എണ്ണം<br><br>മീൻപിടുത്തക്കാരുടെ ജനസംഖ്യ<br><br>മത്സ്യ ബന്ധന തുറമുഖങ്ങളുടെ എണ്ണം | <br>3288<br>864,550<br>കുടുംബങ്ങളിലായി 4 million<br>വലിയ തുറമുഖം : 6<br>ചെറിയ മത്സ്യബന്ധന തുറമുഖം 40<br><br>1511 |

| | |
|---|---|
| മത്സ്യം സൂക്ഷിക്കുന്ന സ്ഥലങ്ങളുടെ എണ്ണം<br>നിർണ്ണയിക്കപ്പെട്ട മത്സ്യം സൂക്ഷിക്കുനതിൻറെഅളവ്<br>മത്സ്യ ബന്ധന ബോട്ടുകൾ | 38,20,207 ടൺ<br>194,490 ബോട്ടുകൾ<br>യന്ത്രവൽകൃതം – 37%<br>യന്ത്രവൽകൃതം – 37%<br>യന്ത്രവൽകൃതം അല്ലാത്തത് – 26% |
| തുറമുഖങ്ങളും , കപ്പൽ ശാലകളും | |
| പ്രധാനപ്പെട്ട തുറമുഖങ്ങൾ | 13<br>ഗുജറാത്ത് – 40<br>മഹാരാഷ്ട്ര – 33<br>ഗോവ – 5<br>ദാമൻ & ദിയു – 2<br>കർണാടക – 10<br>കേരള –13<br>ലക്ഷദ്വീപ് – 10<br>തമിഴ്നാട് –15<br>പോണ്ടിച്ചേരി –1<br>ആന്ധ്രപ്രദേശ് – 12<br>ഒഡീഷ –2<br>പശ്ചിമ ബംഗാൾ – 1<br>ആൻഡമാൻ നിക്കോബാർ ദ്വീപുകൾ – 23 |
| തുറമുഖങ്ങളും കപ്പൽ ശാലകളും<br>ഃ പ്രധാനപ്പെട്ട തുറമുഖങ്ങൾ<br>ചെറിയ തുറമുഖങ്ങൾ | <br><br>1<br>39 |

**<u>കേരളം</u>**

കേരളത്തിന് 38,863 ചതുരശ്ര കിലോ മീറ്റർ ഭൂവിസ്തൃതിയുണ്ട്. ഇത് പടിഞ്ഞാറ് അറേബ്യൻ കടലും കിഴക്ക് പശ്ചിമ ഘട്ടത്തിൻറെയും ഇടയിലാണ്. കേരളത്തിലെ തീരമേഖലയ്ക്ക് 580 km നീളത്തിൽ വ ്യാപിച്ചു കിടക്കുന്നു. സംസ്ഥാനം ഇതിനാൽ തന്നെ 35 – 120km വീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

കേരളത്തിൽ ശരാശരി ഒരു വർഷം 3100 നന മഴ ലഭിക്കാറുണ്ട്. ശരാശരി 120 – 140 മഴ ദിവസങ്ങളാണ് കേരളത്തിനുള്ളത്. എല്ലാ കാലങ്ങളിലും ലഭിക്കുന്ന അതിശക്തമായ മഴയും , അതിനൊപ്പമുള്ള ചുഴലിക്കാറ്റുകളുമാണ് കേരളത്തെ ഉരുൾപൊട്ടൽ, വെള്ളപൊക്കം, തീരദേശശോഷണം എന്നിവയിലേക്ക് നയിക്കുന്നത്.

തീരദേശ ജനസാന്ദ്രത എന്ന് പറയുന്നത് ചതുരശ്ര കിലോമീറ്ററിന് 4228 ജനങ്ങൾ എന്ന അനുപാദത്തിലാണ്, ഇത് ശരാശരി നഗര ജനസാന്ദ്രതയുടെ രണ്ടുമടങ്ങാണ് ഇത് കാരണമാണ് തീരദേശവാസികൾ കൂടുതലായി പ്രകൃതി ദുരന്തങ്ങളാൽ ബാധിക്കപ്പെടുന്നത്. തുടർച്ചയിയുള്ള വലിയതോതിലുള്ള മഴ കുറെ ദിവസത്തേക്ക് തുടരുന്നതാണ് വലിയവെള്ളപ്പൊക്കത്തിനുള്ള പ്രഥമ കാരണം. കേരളത്തിൻ്റെ ഏകപക്ഷിയമായ ഒരുആവശ്യമാണ് , മഴക്കാലത്തു കാറ്റും മഴയും ഉണ്ടാകുമ്പോൾ കുടുംബങ്ങൾക്കു അഭയസ്ഥാനങ്ങൾ 4 ആഴ്ച്ചത്തേക്കെങ്കിലും നൽകണം എന്നുള്ളത്. അതായത് വെള്ളപൊക്കത്തിൻ്റെ തീവ്രത കുറയുന്നതുവരെ. അതുകൊണ്ടു അഭയകേന്ദ്രങ്ങൾ, കൂടുതൽ ദിവസം വാസയോഗ്യമായ രീതിയിൽ ആസൂത്രണം ചെയ്യുകയും, നിർമ്മിക്കുകയും ചെയ്യേണ്ടതാണ്.

1891 – നും 2007 നും ഇടയിൽ 31 തീവ്രമായ ചുഴലിക്കാറ്റുകൾ കേരളതീരത്തെ ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ 35 വർഷത്തിനിടയിൽ ന്യൂനമർദ്ദത്തിൻ്റെ ഫലമായി അനേകം ചുഴലിക്കാറ്റുകൾ ബംഗാൾ

ഉൾക്കടലിൽ ഉൽഭവിച്ച ഇന്ത്യയുടെ കിഴക്കൻ തിരങ്ങളെ മറികടന്നു അറേബ്യൻ കടലിൽ എത്തിച്ചേരുന്നു. ചുഴലിക്കാറ്റുകൾ സാധാരണയായി തിരമാലകളുടെ അഹമ്പടിയോടെയാണ് വരുന്നത് , ചില സന്ദർഭങ്ങളിൽ അത് കരയിലേക്കു 10km വരെ ആകും. ഇതിന്റെ കൂടെത്തന്നെ മഴയും മണിക്കൂറിന് 50km – ൽ കൂടുതൽ കാറ്റിനു വേഗതയും ഉണ്ടാകാം. കടലിൽ നിന്നും 5km ചുറ്റളവിൽ താമസിക്കുന്നവരാണ് ഈ തിരമാലകളാൽ ഏറ്റവും കൂടുതൽ ബാധിക്കപ്പെടുന്നത്. 2004 ൽ സംഭവിച്ച സുനാമിയിൽ കേരളം ഏറ്റവും കൂടുതൽ ബാധിക്കപെട്ടതായി പരാമർശിച്ചിട്ടുള്ളത് കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളാണ്.

| | |
|---|---|
| കേരളം | |
| ഭൂമിശാസ്ത്രപരമായ സ്ഥാനം | രേഖാംശം : 8.5074$^0$N<br>അക്ഷാംശം : 76.9720$^0$E |
| ഭൂമിശാസ്ത്രപരമായ വിസ്തൃതി | 38,863 sq km |
| വനമേഖല<br>തീരമേഖല | 11,268 sq km<br>590 km |
| സാധാരണ ലഭിക്കുന്ന മഴയുടെ അളവ് | 3000 mm(ഒരു വർഷം) |
| ജനസാന്ദ്രത | |
| ജനസംഖ്യ | 1,60,27,412 |
| ഉൾനാടൻ ജനസംഖ്യ | 84,08,054 |
| നഗര ജനസംഖ്യ | 76,19,358 |
| ജനസാന്ദ്രത (ചതുരശ്ര കിലോമീറ്ററിന്) | 819 |
| സാക്ഷരതാ നിരക്ക് | 93.91 |
| തുറമുഖവും കപ്പൽ ശാലകളും | |
| പ്രധാന തുറമുഖങ്ങൾ | 13 |
| ഭരണ സമിതി വിവരങ്ങൾ | |
| ജില്ലകൾ | 14 |
| വില്ലേജുകൾ | 1364 |
| ജില്ലാ പഞ്ചായത്തുകൾ | 14 |
| നഗരങ്ങൾ | 159 |
| നഗര സഭകൾ | 60 |
| ഗ്രാമപഞ്ചായത്തുകൾ | 977 |
| റവന്യൂ വില്ലേജുകൾ | 1453 |

<u>വിവിധ തലത്തിലുള്ള കോണ്ടിനെൻറ്റൽ ഷെൽഫിൻറെ വിസ്തീർണ്ണം</u>

| ആഴത്തിലുള്ള മേഖല (mm ) | പ്രദേശം |
|---|---|
| 18m –ആഴം | 5000 |
| 18 –73 | 25000 |
| 73 –182 | ബാക്കിയുള്ള പ്രദേശം |

<u>തീരരേഖയുടെ തരം തിരിക്കൽ</u>

| | |
|---|---|
| മണൽ തീരം(%) | 80 |
| പാറക്കെട്ടുതീരം(%) | 5 |
| ചെളിനിറഞ്ഞ പരന്ന സ്ഥലം | 15 |
| ചതുപ്പു തീരം | --- |
| ആകെ നീളം (km ) | 569.7 |
| കോൺടിനെൻറൽ ഷെൽഫിൻറെ പ്രദേശം | 4152.km |
| ഉൾനാടൻ ജലാശയങ്ങൾ | 6.93 |
| തീരരേഖയുടെ നീളം | 1,076 |

## അദ്ധ്യായം –4

## രീതികളും, കാര്യനിർവ്വഹണചട്ടക്കൂടും

ദേശീയ ചുഴലിക്കാറ്റ് അപകടസാധ്യത ലഘൂകരണപദ്ധതിയുടെ കീഴിൽ നിർദ്ദേശിക്കപ്പെടുന്ന കാര്യങ്ങൾ നടപ്പിലാക്കൽ ബാധിതമായ നിയമനങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റമില്ലാതെയിരിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ ദേശീയ, സംസ്ഥാന മുനിസിപ്പലിൻറെയും നിയമത്തിൻറെയും ചട്ടക്കൂടിനുള്ളിലാണെന്ന് ഉറപ്പുവരുത്തുക എന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവാദിത്വമാണ്. ഇതുകൂടാതെ ലോകബാങ്കിൻറെ നയങ്ങളും മാർഗ്ഗ നിർദേശകരേഖകളും അനുസരിച്ചാണ് പദ്ധതി പ്രവർത്തനങ്ങൾ എന്ന് ഉറപ്പുവരുത്തണം.

ഈ അദ്ധ്യായത്തിൽ ഭാരതസർക്കാറിൻറെ നിയമങ്ങളും, നിയന്ത്രണങ്ങളും, ലോക ബാങ്കിൻറെ നയങ്ങളുമാണ് പ്രതിപാദിക്കുന്നത്. വളരെ പ്രധാനപ്പെട്ട നിയമങ്ങളും , നയങ്ങളും മാത്രമാണ് പ്രതിപാദിക്കുന്നത്. നിലവിലുള്ള നിയമങ്ങൾ പരിഷ്ക്കരിക്കുകയോ, പുതിയ നിയമങ്ങൾ വരികയോ ചെയ്യുന്പോഴാണ് ഈ അധ്യായത്തിന് പരിഷ്കരണം ആവശ്യമായി വരുന്നത്.

### 4.1 പരിസ്ഥിതി– ദേശീയ തലത്തിലുള്ള രീതികളും കാര്യനിർവ്വഹണ ചട്ടക്കൂടും

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച നിയമങ്ങളും നയങ്ങളുമാണ് ഈ ഉപഘടകം കൈകാര്യം ചെയ്യുന്നത്. പരിസ്ഥിതി നിയമങ്ങളുടെ പ്രധാന്യമാണ് ESMF –ൻറെ ഉപഭോക്താക്കൾക്ക് വേണ്ടി താഴെ പറയുന്ന പട്ടികയിൽ ചേർത്തിരിക്കുന്നത്.

### 4.1.1 പരിസ്ഥിതി നിയമങ്ങളും, അതിൻറെ പ്രായോഗികതകളും

| S.No | നിയമം | നിയമത്തിൻറെ വ്യാപ്തി | പ്രസക്തി |
|---|---|---|---|
| 1 | പരിസ്ഥിതി സംരക്ഷണ നിയമം (29.1986) | ഈ നിയമത്തിൻറെ കീഴിൽ കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത് പരിസ്ഥിതിയുടെ ഗുണങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി യുള്ള പ്രമാണങ്ങൾ ഇവയാണ് - പുറത്തുവിടുന്നത്, വ്യാവസായ സ്ഥാപനങ്ങളുടെ സ്ഥലം അപകടകരമായ മാലിന്യത്തിൻറെ കൈകാര്യം ചെയ്യൽ,പൊതുജനാരോഗ്യവും അവരുടെ ക്ഷേമവും സംരക്ഷിക്കുക. രാജ്യത്തെ പരിസ്ഥിതിയുടെ സംരക്ഷണത്തിനുവേണ്ടി ഈ നിയമങ്ങൾ എല്ലാം ഉൾകൊള്ളിക്കണം. | പ്രസക്തിയുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പരിസ്ഥിതിയുടെ മൊത്തത്തിലുടെ നേരിട്ടും അല്ലാതെയുമുള്ള അനന്തര ഫലങ്ങൾ പരിസ്ഥിതിയുടെ ഗുണത്തെ ബാധിക്കും. പദ്ധതി ഇടപാടുകൾക്ക് പരിസ്ഥിതി തെളിയിക്കൽ രേഖയുടെ ആവശ്യമില്ല. |
| 2 | ജലം, വായു (മലിനീകരണ നിയന്ത്രണവും, തടയലും) നിയമം (1974 &1981 കേന്ദ്ര നിയമം 6 of 1974) അതിനുശേഷമുള്ള ഭേദഗതികളും | ഈ നിയമപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഗുണനിലവാരത്തിന് അതീതമായി ജലാശയങ്ങളിലേയ്ക്ക് മാലിന്യം പുറന്തള്ളുന്നതിനെ തടയുകയും , നിയമ നിഷേധത്തിന് പിഴ ഈ ടാക്കുകയും ചെയ്യുക. ഈ നിയമത്തിൽ ജലത്തിൻറെ സംരക്ഷണവും , ഗുണനിലവാരം തിരികെ കൊണ്ടുവരലും ഉൾക്കൊള്ളുന്നു. വായു നിയമപ്രകാരം അനുമതിയില്ലാതെ, വായുമലിനീകരണം കുറവുള്ള സ്ഥലങ്ങളിൽ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം | പ്രസക്തിയുണ്ട്. ശരിയായ ജാഗ്രതയില്ലാതെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ വായുവിൻറെയും, ജലത്തിൻറെയും ദൂഷണത്തിന് കാരണമാകും. |

| S.No | നിയമം | നിയമത്തിൻറെ വ്യാപ്തി | പ്രസക്തി |
|---|---|---|---|
| 3 | വന (സംരക്ഷണ) നിയമം No.69 of 1980 ഭേദഗതി ചെയ്തത് 1988 | ഈ നിയമപ്രകാരം വനത്തിൻറെ സംരക്ഷണവും, വനഭൂമി വന്യേതര കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതും സംസ്ഥാന സർക്കാരിന് നിയന്ത്രിക്കാം. വനഭൂമി മറ്റെതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കണമെങ്കിൽ , സ്വകാര്യഭൂമി ആണെങ്കിൽ പോലും ഭാരതസർക്കാറിൻറെ അനുമതി ആവശ്യമാണ്. വനഭൂമി പാട്ടത്തിന് ഏതെങ്കിലും സ്ഥാപനത്തിനോ വ്യക്തിക്കോ നൽകണമെങ്കിലും ഭാരതസർക്കാറിൻറെ അനുമതി ആവശ്യമാണ്. വനഭൂമിയിൽ താമസ സ്ഥലങ്ങൾ നിർമ്മിക്കുതിന് പ്രോത്സാഹിപ്പിക്കാറില്ല. | പ്രസക്തിയുണ്ട്. ഒരോ ഉപപദ്ധതിയും അതിൻറെ ആസൂത്രണസമയത്തുതന്നെ മൂല്യ നിർണ്ണയം ചെയ്യപ്പെടേണ്ടതാണ്. വലിയ പദ്ധതി തീരുമാനങ്ങൾ സംരക്ഷിത വനമേഖലയിൽ ആവാസ------ ആയതിനാൽ വനഭൂമിയിൽ മാറ്റം വരുത്തേണ്ട ഒരു ---- വരുന്നില്ല. ഇങ്ങനെയുള്ള സ്ഥലങ്ങൾ പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ തന്നെ ഒഴിവാക്കേണ്ടതാണ്. |
